# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 854 11.03.2015 - ൽ മറുപടിക്ക്

## ആലപ്പുഴ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തീയാകുമെന്ന് അറിയിക്കാമോ; | (എ) 2015 ആഗസ്റ്റ് മാസത്തോടെ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പദ്ധതിയോടനുബന്ധിച്ച് ഇതുവരെ പൂർത്തിയായ പ്രവർത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (ബി) താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയായി<br>1. കടപ്രയിലെ കിണറും പമ്പ് ഹൗസും<br>2. റോ വാട്ടർ പമ്പ് സെറ്റ്<br>3. ട്രാൻസ്ഫോർമർ<br>4. റോ വാട്ടർ പമ്പിംഗ് മെയിൻ ഒന്നാം റീച്ച് (98%).<br>5. ജലശുദ്ധീകരണശാല<br>6. ജലശുദ്ധീകരണശാല മുതൽ കാക്കാഴം വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ<br>7. എട്ടു പഞ്ചായത്തുകളിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ<br>8. എട്ടു പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിൽ പുറക്കാട് പഞ്ചായത്തിലെ തൈച്ചിറ സോണും മാരാരിക്കുളം തെക്കു പഞ്ചായത്തിലെ ചെട്ടികാടുസോണും ഒഴികെ ബാക്കി ഒൻപതു പാക്കേജ് പൂർത്തിയായി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | ചില സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭിക്കാനുണ്ട്. പൈപ്പ് ലൈനുകൾ ഇട്ടതിനുശേഷം റോഡ് പുനർനിർമ്മാണം നടത്താത്ത ഇടങ്ങളിൽ പ്രദേശവാസികളുടെ എതിർപ്പ് നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച റിപ്പോർട്ട് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്; വ്യക്തമാക്കാമോ? | (ഡി) | റോ വാട്ടർ പമ്പിംഗ് മെയിൻ റീച്ച് 2-3 ഇവയുടെ 35% മാത്രമേ പൂർത്തിയായിട്ടുള്ളു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് 3(B) കാക്കാഴം മുതൽ വലിയ കുളം വരെ 92% പൂർത്തിയായി. ബാക്കി പൂർത്തിയാക്കാനുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് 3(C), 3(D), ആലപ്പുഴ മുനിസിപ്പൽ പ്രദേശം യഥാക്രമം 95%വും 80%വും പൂർത്തിയായിട്ടുണ്ട്. ബാക്കി പൂർത്തിയാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ